# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 408

27-9-2011-ൽ മറുപടിക്ക്

## മണൽക്കടവുകളിലെ കരിഞ്ചന്തയും മാഫിയ പ്രവർത്തനവും തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ:<br>ശ്രീ. തോമസ് ചാണ്ടി: | ഡോ. എം.കെ. മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പു മന്ത്രി) |

(എ) മണൽക്കടവുകളിലെ കരിഞ്ചന്തയും മാഫിയ പ്രവർത്തനവും തടയാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എ) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് പ്രകാരവും 2001-ലെ കേരള നദീതീര സംരക്ഷണവും ചട്ടങ്ങൾ പ്രകാരവും മണൽക്കടവുകളിലെ കരിഞ്ചന്തയും മാഫിയാ പ്രവർത്തനവും തടയാനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർമാർ ചെയർമാൻമാരായി ജില്ലാ വിദഗ്ദ്ധ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശപ്രകാരവും മേൽനോട്ടപ്രകാരവും ഗ്രാമപഞ്ചായത്തുകളിൽ ആവശ്യമായ നദിക്കടവുകളിൽ കടത്ത് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കടവോ നദീതീരമോ പരിപാലിക്കുന്നതിനാവശ്യമായ എല്ലാ ചെലവുകളും വഹിക്കുന്നതിലേക്കായി റിവർ മാനേജ്മെന്റ് ഫണ്ട് എന്ന പേരിൽ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. കടവുകളിൽ

| | | | |
|---|---|---|---|
| | | | വാഹനങ്ങൾ ഇറക്കാതിരിക്കുന്നതിന് സംരക്ഷണഭിത്തികളും കടവു പൂട്ടിയിടുന്നതിനുമുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കടവുകളിൽ ലഭ്യമാകുന്ന മണലിന്റെ 75% വീടും മറ്റും നിർമ്മിക്കുന്നതിനായി നേരിട്ട് അപേക്ഷ നൽകിയവർക്കായി മാറ്റിവയ്ക്കണമെന്ന കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം വെളിപ്പെടുത്താമോ ? | (സി) | മേൽ കോടതി ഉത്തരവുപ്രകാരം നടപടി സ്വീകരിക്കുവാൻ സർക്കാരിൽ നിന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Kumary Jalaja S.

**സെക്ഷൻ ഓഫീസർ.**